<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** | **30-07-2021 - ൽ മറുപടിയ്ക്ക്**

<u>**നീർനായ ശല്യം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളിൽ നീർനായ ശല്യം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷം ഇവയുടെ ആക്രമണം മൂലം സംഭവിച്ച അത്യാഹിതങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ ഒരു വർഷം പാലക്കാട് ജില്ലയിൽ 20 പേർക്ക് പരിക്കേൽക്കുകയും, കോഴിക്കോട് ജില്ലയിൽ 20 പേർക്ക് നീർനായയുടെ കടിയേൽക്കുകയും ഉണ്ടായി. |
| (സി) | ഇങ്ങനെ അപകടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | നിലവിൽ നീർനായയുടെ ആക്രമണം മൂലം അപകടം സംഭവിച്ചവർക്ക് സ.ഉ.(കൈ) നം.17/2018/വനം തീയതി 05.04.2018 പ്രകാരം ഇ-ഡിസ്ട്രിക്ട് വഴി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകിവരുന്നു. |
| (ഡി) | നീർനായ ശല്യം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മുന്നറിപ്പ് ബോർഡുകൾ സ്ഥാപിക്കുക എന്നതാണ് സാധ്യമായ നടപടി. പ്രശ്നപ്രദേശങ്ങളിൽ മുന്നറിപ്പ് ബോർഡുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ